ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
Tele FAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി4-7579/2014/സിഇ/തസ്വഭവ

തീയതി : 11.02.2015

## സർക്കുലർ

### ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ശ്രദ്ധയ്ക്ക്

വിഷയം:- RGPSA പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച്.

2014-15 വർഷത്തെ RGPSA പദ്ധതി പ്രകാരം 67 ഗ്രാമപഞ്ചായത്തുകളിൽ ഓഫീസ് കെട്ടിടനിർമ്മാണത്തിനായി, 15 ലക്ഷം രൂപ വീതവും, 300 ഗ്രാമപഞ്ചായത്തുകളിൽ ഓഫീസ് കെട്ടിട നവീകരണത്തിനായി 3 ലക്ഷം രൂപ വീതവും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി അതീവപ്രാധാന്യമർഹിക്കുന്നതാണെന്നും, പ്രത്യേക ശ്രദ്ധ നൽകേണ്ടതാണെന്നും ഈ ഓഫീസിൽ നിന്ന് അറിയിച്ചിരുന്നെങ്കിലും നിർവ്വഹണത്തിന്റെ പുരോഗതി വളരെ മന്ദഗതിയിലാണെന്നും കാണുന്നു. മാർച്ച് 15-നകം പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തയ്യാറാക്കി ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കേണ്ടതാണ്.

ആയതിനാൽ ഈ വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ എന്നിവരുടെ ഒരു യോഗം അടിയന്തിരമായി ജില്ലാതലത്തിൽ DDP, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സംയുക്തമായി വിളിച്ചുചേർത്ത് പുരോഗതി വിലയിരുത്തുകയും നിർവഹണം ത്വരിതപ്പെടുത്തുകയും ചെയ്യേണ്ടതാണ്. തുടർന്നും എല്ലാമാസവും പ്രസ്തുത അവലോകനയോഗം വിളിച്ചു ചേർക്കുകയും റിപ്പോർട്ട് ഈ ഓഫീസിൽ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

ഈ മാസത്തെ അവലോകനയോഗത്തിന്റെ തീയതി DDP-യുമായി ചേർന്ന് തീരുമാനിച്ച് രണ്ടുദിവസത്തിനകം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ചീഫ് എൻജിനീയർ

PVR/-